

സഹജീവിതങ്ങൾക്കു നേരെ നീളുന്ന സഹായഹസ്തങ്ങളിൽ നാം ഇനിയും മരിക്കാത്ത മാനവികതയെ ചേർന്ന് ശാന്തി നടപ്പിലാക്കുന്ന സഹായ സംരംഭമാണ് 'കനിവ്'. ഇതുപ്രകാരം കേരളത്തിലുടനീളമുള്ള വൃക്കരോഗികളുടെ വിവരങ്ങൾ ശേഖരിക്കാനും സുമനസ്സരായ വ്യക്തികളിൽ നിന്നും അവർക്കായി സഹായമെത്തിക്കാനുമാണ് ലക്ഷ്യമാക്കുന്നത്.

**പ്രസ്തുത സംരംഭം ഒരു ലക്ഷം രൂപ സംഭാവന നൽകികൊണ്ട് 'കനിവി'ന്റെ ചെയർമാൻ കൂടിയായ മാർ. ക്രിസോസ്റ്റം തിരുമേനി തുടക്കം കുറിച്ചു.** പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം തിരുമേനിയുടെ 95-ാം പിറന്നാളിനോടനുബന്ധിച്ച് 2012 ഏപ്രിൽ 27 ന് നടത്താൻ നിശ്ചയിച്ചിരിക്കുന്നു. 5000 പേരിൽ നിന്നായി ഒരു ലക്ഷം രൂപ വീതം സമാഹരിച്ച് ബാങ്കിൽ നിക്ഷേപിക്കുന്നതിലൂടെ ലഭിക്കുന്ന വരുമാനം കൊണ്ട് വൃക്കരോഗികൾക്ക് സ്ഥിരമായി സഹായമെത്തിക്കുന്നതിലൂടെ മാത്രമെ ബൃഹത്തായ ഈ പദ്ധതി വിജയിപ്പിക്കാനാകൂ.

മനുഷ്യകാരുണ്യത്തിൽ വിശ്വാസമുള്ളിടത്തോളം പദ്ധതിയുടെ പങ്കാളിത്തത്തെക്കുറിച്ചും വിജയത്തെക്കുറിച്ചും ശാന്തിയുടെ പ്രതീക്ഷകൾ ഉയർന്നുതന്നെ നിൽക്കുന്നു. ഒരു വൃക്കരോഗിയും സഹായം ലഭിക്കാതെ മരണപ്പെടരുതെന്ന് ശാന്തി പ്രത്യാശിക്കുന്നു.



## കനിവ് ലക്ഷ്യമിടുന്നത്

ശാന്തിയുടെ വെബ്സൈറ്റ് മുഖേന കേരളത്തിലുടനീളമുള്ള വൃക്കരോഗികളുടെ വിവരങ്ങൾ ശേഖരിക്കുക. **(www.santhimedicalinfo.org**/kanivu/how can you help us)

- ♥ ശേഖരിക്കപ്പെട്ട വിവരങ്ങളനുസരിച്ച് ആവശ്യക്കാർക്ക് സഹായമെത്തിക്കുക.
- ♥ പുതിയ ഡയാലിസിസ് യൂണിറ്റുകൾ ആവശ്യമുള്ളിടങ്ങളിൽ സ്ഥാപിക്കുക.
- ♥ ബന്ധുക്കളിൽ നിന്നും വൃക്ക സ്വീകരിക്കാൻ സാമ്പത്തിക തടസ്സമുള്ള രോഗികൾക്ക് അതിനുള്ള സാമ്പത്തിക സഹായം നൽകുക.
- ♥ സർക്കാർ നീതിസ്റ്റോറുകളിൽ നിന്നും വൃക്കമാറ്റിവെക്കൽ ശാസ്ത്രക്രിയക്കു ശേഷം കഴിക്കാനുള്ള മരുന്നുകൾ കുറഞ്ഞവിലക്ക് ലഭ്യമാക്കുക.
- ♥ തെരുവുനാടകങ്ങളിലൂടെയും ടെലിഫിലിമുകളിലൂടെയും അവയവദാനത്തിന്റെ മഹത്ത്വം സമൂഹത്തെ ഉദ്ബോധിപ്പിക്കുക.
- ♥ വൃക്കരോഗത്തിന് ഹേതുവാകുന്ന രക്തസമ്മർദ്ദം, പ്രമേഹം എന്നിവയുടെ നിയന്ത്രണവും ജീവിതചര്യകളേയും കുറിച്ച് ബോധവത്കരണ പരിപാടികൾ പൊതുജനങ്ങൾക്കിടയിൽ സംഘടിപ്പിക്കുക.



## ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്റർ

കേരളത്തിലെ ആരോഗ്യമേഖലയിൽ സജീവ സാന്നിധ്യമായ ശാന്തി 1997 മുതൽ വൃക്കരോഗികൾക്കിടയിൽ പ്രവർത്തിച്ചുവരുന്നു. നിരാശ്രയരായ രോഗികൾക്കായി സ്വയം സമർപ്പിച്ച സ്ഥാപക ശ്രീമതി. ഉമാ പ്രേമൻ 1999 ൽ സ്വന്തം വൃക്ക ഒരു യുവാവിനു ദാനം ചെയ്തുകൊണ്ട് വാക്കുകളല്ല പ്രവർത്തിതന്നെയാണ് തന്റെ ജീവിതസാക്ഷ്യമെന്നത് സമൂഹത്തിന് കാണിച്ചുതന്നു.

വൃക്കമാറ്റിവെക്കൽ ശസ്ത്രക്രിയകൾ, അവയവദാനബോധവത്കരണ പരിപാടി, സൗജന്യനിരക്കിൽ മരുന്നുകൾ ലഭ്യമാക്കൽ, സൗജന്യ ഡയാലിസിസ് സെന്ററുകൾ, മൊബൈൽ ഡയാലിസിസ് സെന്റർ, നിരാലംബ രോഗികൾക്ക് സഹായസമാഹരണം തുടങ്ങിയവ ശാന്തിയുടെ കർമ്മമേഖലയിൽ ഉൾപ്പെടുന്നു. ശാന്തിയിലൂടെ മാസത്തിൽ 1500 ഡയാലിസിസ് ചെയ്തുകൊടുക്കുന്നു. ഇതിൽ 950 ഡയാലിസിസ് സൗജന്യമായും ബാക്കിയുള്ളവ 400 രൂപയെന്ന സൗജന്യനിരക്കിലും ചെയ്തുവരുന്നു. കേരളത്തിലെ മുഴുവൻ വൃക്കരോഗികളിലും സഹായമെത്തിക്കാൻ 'കനിവ്' ലക്ഷ്യമിടുന്നു. സുമനസ്സുകളായ വ്യക്തികളുടെ സഹകരണവും സാന്നിദ്ധ്യവും ഇതിലേക്കായി ഞങ്ങൾ അഭ്യർത്ഥിക്കുന്നു.




## കനിവിന്റെ വറ്റാത്ത ഉറവ

കാരുണ്യ ഹൃദയങ്ങളുടെ പിന്തുണ എന്നു മാത്രമാണ് ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്ററിനെ നിർവചിക്കാനാവുക.

ഗൾഫ് മലയാളികളുൾപ്പെടെ നിരവധിപേരുടെ സഹായത്താൽ ആയിരക്കണക്കിന് വൃക്കരോഗികൾക്ക് തണലേകാൻ ശാന്തിക്കു സാധിച്ചിട്ടുണ്ട്. '**കനിവി**'ലൂടെ ഇനിയുമേറെ വൃക്കരോഗികളെ ജീവിതത്തിലേക്ക് തിരിച്ചുനടത്താമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.



# കനിവ്-95

കരുണയാൽ പ്രകാശിക്കുന്ന പ്രതീക്ഷകൾ..

**Donation Payment Mode**
Note : Cheque / Drafts / Money Transfer
are to be drawn in favour of

| | |
|---|---|
| Account Name | : "SANTHI MEDICAL INFORMATION CENTRE" |
| Account No | : 4275002100004841 |
| Bank Name | : Punjab National Bank |
| Branch Name | : Guruvayur west Nada, Kerala |
| RTGS CODE | :PUNB0427500 , Bank Tel: 0487-2556446 |

Donations are tax exempt under Sec 80 G. of I.T. Act.

*For more information contact :*

**SANTHI**
**MEDICAL INFORMATION CENTRE**

Punnathur Road, P.O. Kottapadi,
Guruvayur, Thrissur - 680505, Kerala. India.
Tel +91 487 2556796
Website: www.santhimedicalinfo.org
Email: santhimedicalinfo@gmail.com



SAVE KIDNEY PATIENTS

# ശാന്തി

**മെഡിക്കൽ ഇൻഫർമേഷൻ സെന്റർ**

# കനിവ്-95

കരുണയാൽ പ്രകാശിക്കുന്ന പ്രതീക്ഷകൾ..

**മാർക്രിസോസ്റ്റം തിരുമേനിയുടെ**
നേതൃത്വത്തിൽ **ശാന്തി**
ഒരുക്കുന്ന വൃക്കരോഗികൾക്കായുള്ള
സഹായ പദ്ധതി

**KINDNESS**
*is the language which the deaf can hear and the blind can see.*
**MARK TWAIN**